- സ്പോർട്സ് കൗൺസിലിന്റെ പങ്കാളിത്തത്തോടെ വിദഗ്ദ്ധ പരിശീലകരുടെ മേൽനോട്ടത്തിലുള്ള ചിട്ടയായ കായിക പരിശീലനം, ഏറ്റവും മികച്ച പരിശീലന ഉപകരണ ങ്ങൾ
- വെള്ളായണി കാർഷിക കോളേജിന്റെ വിശാലമായ ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം, ജിംനേഷ്യം മുതലായ സൗകര്യങ്ങൾ
- പോഷകസമൃദ്ധമായ ഭക്ഷണവും മികച്ച വൈദ്യസഹായ സൗകര്യങ്ങളും
- മുഴുവൻ ചെലവുകളും സർക്കാർ വഹിക്കുന്നു. പോക്കറ്റ് മണി, വെക്കേഷൻ യാത്രകൾക്ക് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും യാത്രപ്പടി, വിവിധ മത്സര വിജയികൾക്ക് ക്യാഷ് അവാർഡ്
- മികച്ച അദ്ധ്യാപനം (സ്റ്റേറ്റ് സിലബസ്, മലയാളം മീഡിയം),ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, ഡിജിറ്റൽ ക്ലാസ്സ് റൂം, ട്യൂഷൻ തുടങ്ങി തലസ്ഥാനത്തെ മികച്ച സ്കുളുകളിലുള്ള ഉയർന്ന നിലവാരമുള്ള സൗകര്യങ്ങൾ
- ദേശീയ തലത്തിൽ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന സ്പോർട്സ് മീറ്റുകളിലും, വിജയിക്കുന്നവർക്ക് അന്താരാഷ്ട്ര തലത്തിലുള്ള മീറ്റുകളിലും പങ്കെടുക്കുന്നതിന് അവസരം. മുഴുവൻ ചെലവും സർക്കാർ വഹിക്കും.
- സ്പോർട്സ് ക്വാട്ടയിൽ വിവിധ കേന്ദ്ര, സംസ്ഥാനസർക്കാർ സ്ഥാപനങ്ങൾ, റെയിൽവേ, ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ലഭിക്കുന്നു. വിവിധ മത്സര പരീക്ഷകളിൽ ഗ്രേസ് മാർക്ക് ലഭിക്കുന്നതു വഴി റാങ്ക് ലിസ്റ്റിൽ ഉയർന്ന സ്ഥാനത്തെത്തി ജോലി ഉറപ്പാക്കാനും അവസരം.
- കണ്ണൂരിൽ നടന്ന സംസ്ഥാനസ്കൂൾ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 200 മീറ്റർ, 400 മീറ്റർ എന്നീ ഇനങ്ങളിൽ വിഷ്ണു. എം.കെ. സ്വർണ്ണം നേടി.
- 2019 ൽ വിവിധ സംസ്ഥാന ജൂഡോ ചാമ്പ്യൻഷിപ്പുകളിലായി 20 സ്വർണ്ണമെഡലുകൾ കരസ്ഥമാക്കി.
- 2019 ൽ നടന്ന 15 വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ സംസ്ഥാന ഫുട്ബോൾ മത്സരത്തിൽ വിജയികളായ തിരുവനന്തപുരം ജില്ലാ ടീമിലെ 11 വിദ്യാർത്ഥികളും ഈ സ്കൂളിലെ ചുണക്കുട്ടികളാണ്.

**ഫിസിക്കൽ ടെസ്റ്റ് ഇനങ്ങൾ 5, 7 ക്ലാസ്സുകൾക്ക് (12 വയസ്സു വരെ)**

50 Mts Run, Standing Broad Jump, Vertical Jump, 50 Mts Hopping, Cricket Ball Throw

**ഫിസിക്കൽ ടെസ്റ്റ് ഇനങ്ങൾ പ്ലസ് വണ്ണിന്**

50 Mts Run, Standing Broad Jump
Shuttle Run (6 x10 Mts), 800 Mts Run, Skill Test

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**എസ്.സുനുലാൽ, സ്പോർട്സ് ആഫീസർ : 9746661446**

ഭാരത് ഓഫ്സെറ്റ് കാഞ്ഞിരംകുളം. ഫോൺ: 2260440

# ശ്രീ അയ്യൻകാളി മെമ്മോറിയൽ
# ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ

വെള്ളായണി, തിരുവനന്തപുരം- 695522
Phone: 0471-2381601 email: samgmrss@gmail.com
website: www.samgmrss.org



## 2020-21 അദ്ധ്യയന വർഷത്തെ 5, 11 ക്ലാസുകളിലേയ്ക്കുള്ള

# സെലക്ഷൻ ട്രയൽ

## ജനുവരി 13 മുതൽ ജനുവരി 31 വരെ

കായിക പ്രതിഭകളായ എസ്.സി. & എസ്.ടി. വിഭാഗ വിദ്യാർത്ഥികൾക്ക് മികച്ച അവസരം

വെള്ളായണി
03/01/2020

മാന്യരേ,

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കായിക പ്രതിഭകളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി മികച്ച പരിശീലനവും, ഒപ്പം ഉന്നതനിലവാരത്തിലുള്ള വിദ്യാഭ്യാസവും നൽകി ദേശീയ അന്തർ ദേശീയ നിലവാരത്തിലുള്ള താരങ്ങളാക്കി വളർത്തിയെടുക്കുന്നതിനു വേണ്ടി സംസ്ഥാന പട്ടികജാതി വികസനവകുപ്പിന്റെ ചുമതലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ശ്രീ അയ്യൻകാളി മെമ്മോറിയൽ ഗവ: മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ. തിരുവനന്തപുരത്ത് കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ വെള്ളായണി കാർഷിക കോളേജ് കോമ്പൗണ്ടിലാണ് സ്കൂൾ പ്രവർത്തിച്ചു വരുന്നത്.

സ്പോർട്സിൽ അഭിരുചിയുള്ള എസ്. സി. & എസ്. ടി വിഭാഗത്തിലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 5-ാം ക്ലാസ്സിലേയ്ക്കും 11-ാം ക്ലാസ്സിലേയ്ക്കും (ഹ്യൂമാനിറ്റിസ്) (പരമാവധി 30 കുട്ടികൾ വീതം) 7-ാം ക്ലാസ്സിൽ പരമാവധി 10 കുട്ടികൾക്കും 2020-21 അദ്ധ്യയന വർഷത്തേക്കുള്ള സെലക്ഷൻ ട്രയൽ 13-01-2020 മുതൽ 31-01-2020 വരെയുള്ള കാലയളവിലായി 14 ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്.

തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കൂളിനോടൊപ്പമുള്ള ഹോസ്റ്റലുകളിൽ താമസിക്കാം. പ്ലസ്ടുവരെയുള്ള പഠനസൗകര്യമുണ്ട്. മുഴുവൻ ചെലവും പട്ടികജാതി വികസനവകുപ്പ് വഹിക്കും. സ്കൂളിന്റെ സവിശേഷതകൾ ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

അത്‌ലറ്റിക്സ്, ഫുട്ബോൾ, ജൂഡോ, ജിംനാസ്റ്റിക്സ് തുടങ്ങിയ ഇനങ്ങളിലാണ് നിലവിൽ പരിശീലനം നൽകി വരുന്നത്. സ്കൂളിൽ പ്രവേശനം നേടി പഠനവും പരിശീലനവും പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് തിളക്കമുള്ള ഭാവിയും തൊഴിൽ സുരക്ഷിതത്വവും ഉറപ്പാക്കാൻ സാധിക്കും. സ്പോർട്സിൽ അഭിരുചിയുള്ള എസ്.സി & എസ്. ടി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഈ നല്ല അവസരം വിനിയോഗിക്കുന്നത് സംബന്ധിച്ചുള്ള പ്രചാരണത്തിനും കുട്ടികളെ സെലക്ഷൻ ട്രയൽസിൽ പങ്കെടുപ്പിക്കുന്നതിനും താങ്കളുടെയും സഹപ്രവർത്തകരുടെയും ആർജ്ജവത്തോടെയുള്ള സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

**ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്**

# 2020 – 21 സെലക്ഷൻ ട്രയൽ ഷെഡ്യൂൾ

| തീയതി | ദിവസം | സമയം | സ്ഥലം | ഡിസ്ട്രിക്ട് |
|---|---|---|---|---|
| 13–01–2020 | തിങ്കൾ | 9.30 am | ഗവ. ഹയർ സെക്കന്ററി സ്കൂൾ, ബന്തടുക്ക | കാസറഗോഡ് |
| 14–01–2020 | ചൊവ്വ | 9.30 am | പോലീസ് ഗ്രൗണ്ട്, കണ്ണൂർ | കണ്ണൂർ |
| 15–01–2020 | ബുധൻ | 9.30 am | സെന്റ് മേരീസ് കോളേജ് ഗ്രൗണ്ട് , സുൽത്താൻ ബത്തേരി | വയനാട് |
| 16–01–2020 | വ്യാഴം | 9.30 am | ഗവ. ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ്, കോഴിക്കോട് | കോഴിക്കോട് |
| 17–01–2020 | വെള്ളി | 9.30 am | വി.എം.സി. എച്ച്.എസ്.എസ്, വണ്ടൂർ | മലപ്പുറം |
| 21–01–2020 | ചൊവ്വ | 9.30 am | വിക്ടോറിയ കോളേജ്, പാലക്കാട് | പാലക്കാട് |
| 22–01–2020 | ബുധൻ | 9.30 am | സെന്റ് തോമസ് തോപ്പ് സ്റ്റേഡിയം. തൃശൂർ | തൃശൂർ |
| 23–01–2020 | വ്യാഴം | 9.30 am | S.H.കോളേജ് ഗ്രൗണ്ട് തേവര,എറണാകുളം | എറണാകുളം |
| 24–01–2020 | വെള്ളി | 9.30 am | എസ്.ഡി.വി.എച്ച്.എസ്.എസ്., ആലപ്പുഴ | ആലപ്പുഴ |
| 27–01–2020 | തിങ്കൾ | 9.30 am | നെഹ്റു സ്റ്റേഡിയം നാഗമ്പടം | കോട്ടയം |
| 28–01–2020 | ചൊവ്വ | 9.30 am | ഗവ. V H S S വാഴത്തോപ്പ്, ചെറുതോണി | ഇടുക്കി |
| 29–01–2020 | ബുധൻ | 9.30 am | മുനിസിപ്പൽ സ്റ്റേഡിയം, പത്തനംതിട്ട | പത്തനംതിട്ട |
| 30–01–2020 | വ്യാഴം | 9.30 am | ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയം, കൊല്ലം | കൊല്ലം |
| 31–01–2020 | വെള്ളി | 9.30 am | സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം | തിരുവനന്തപുരം |

നിലവിൽ പഠിക്കുന്ന സ്കൂളിലെ മേധാവിയുടെ കത്ത്, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ, ആധാർ കാർഡ്, ജാതി, ജനന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം നിശ്ചിത സമയത്ത് എത്തിച്ചേരണം. വിദ്യാർത്ഥികൾക്ക് യാത്ര സംബന്ധമായ ബത്തകൾ അനുവദിക്കും.

5-ാം ക്ലാസിലേയ്ക്ക് ഫിസിക്കൽ ടെസ്റ്റിന്റെ അടിസ്ഥാനത്തിലും 7, 11 എന്നീ ക്ലാസിലേയ്ക്ക് സബ്ജില്ല / ജില്ല / സംസ്ഥാനതല മത്സരങ്ങളിൽ വിജയിച്ച സർട്ടിഫിക്കറ്റിന്റെയും ഫിസിക്കൽ ടെസ്റ്റിന്റെയും അടിസ്ഥാനത്തിലും 8, 9 ക്ലാസുകളിലേയ്ക്ക് ഒഴിവുള്ള സീറ്റിലേയ്ക്ക് ജില്ല / സംസ്ഥാനതല മത്സര ങ്ങളിൽ വിജയിച്ച സർട്ടിഫിക്കറ്റിന്റെയും ഫിസിക്കൽ ടെസ്റ്റിന്റെയും സ്കിൽ ടെസ്റ്റിന്റെയും അടിസ്ഥാനത്തിലും പ്രവേശനം നൽകുന്നതാണ്.